Reg. No.: ..................................

Name: ..................................

**3002**

**March 2013**

(For Scheme I & Scheme II Candidates)

## Second Year Higher Secondary Examination

Part – II

**മലയാളം**

## MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. ഉപന്യാസം തയ്യാറാക്കുക.

എച്ചിലിലകളിൽ പറ്റിപ്പിടിച്ചാർക്കു –
മീച്ച പോലെത്ര കുഞ്ഞുങ്ങൾ
കൊച്ചു കൈ നീളുന്നു, പൂവിറുക്കാനല്ല
വറ്റും മുലഞെട്ടു തേടി
കഷ്ടം കടിച്ചിറക്കീടുന്ന തൊണ്ടയിൽ
കെട്ടു പിണഞ്ഞ ഞരക്കം
വെട്ടം പുരളാതെ പാതയോരങ്ങളിൽ
കെട്ടിപ്പിടിക്കും മരണം
മകനേ, നീ നാട്ടു പൗരനാകാതൊരു
മനുഷ്യനായ്ത്തന്നെ വളരൂ.
മകനേ, നീ വെറും മാന്യനാകാതിന്നു
മനുഷ്യന്റെ പച്ചയായ്ത്തീരൂ.

(മകനോട് – കടമ്മനിട്ട)

ഈ വരികളിലെ സാമൂഹിക വിമർശനം നിരൂപണം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**(ഒന്നരപ്പുറം – സ്കോർ : 8)**

2. ആമുഖക്കുറിപ്പ് തയ്യാറാക്കുക.

വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള വിനോദ സഞ്ചാര വകുപ്പ് പുറത്തിറക്കുന്ന കൈപ്പുസ്തകത്തിന് ആമുഖക്കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ :**

* കേരളം ലോകോത്തര കലകളുടെ സംഗമഭൂമി
* പ്രകൃതി രമണീയത.

**(ഒന്നരപ്പുറം – സ്കോർ : 8)**

3. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിന് **രണ്ട്** രചനാന്തരണങ്ങൾ എഴുതുക.

ചന്തുമേനോൻ ഇന്ദുലേഖ എഴുതി.

**(രണ്ടുവാക്യം – സ്കോർ : 2)**

4. കത്ത് തയ്യാറാക്കുക.

ഉള്ള വാർത്ത നൽകുക മാത്രമല്ല, മാധ്യമങ്ങൾ വാർത്ത സൃഷ്ടിക്കാറുണ്ട്. മാധ്യമ രംഗത്ത് നിലനിൽക്കുന്ന ഈ അനാരോഗ്യകരമായ പ്രവണതയെ തുറന്നു കാട്ടിക്കൊണ്ട് മലയാള ദിനപ്പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക.

**(ഒരുപുറം – സ്കോർ : 6)**

5. ലഘു ഉപന്യാസം തയ്യാറാക്കുക.

വരിക്ക പ്ലാവിന്റെ തണൽ വൃത്തത്തിൽ
കോഴിക്കുഞ്ഞ് ചന്തങ്ങളണിഞ്ഞു ;
മുറ്റത്തും ഇറയത്തും
ഇടനാഴിയിലും മുറികളിലും
കയറിയിറങ്ങി
വീടിന്റെ വ്യാകരണത്തിൽ രസിച്ചു.
ഓർമ്മയും മോഹവും പേടിയും ചികഞ്ഞു.
നാണിച്ചും മടിച്ചും മേനി ഭാവിച്ചും
തടിച്ചു കൊഴുത്തു.

ബഹുവർഥ സാധ്യത കവിതയുടെ ഒരു അടിസ്ഥാന വൈശിഷ്ട്യമാണ്. മേലുദ്ധരിച്ച വരികളെ ഗാഢ പാരായണം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.

**(ഒരു പുറം – സ്കോർ : 6)**

6. പ്രബന്ധം തയ്യാറാക്കുക :

'പരസ്യങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം' എന്ന വിഷയത്തിൽ നിങ്ങളുടെ സ്കൂളിൽ സെമിനാർ നടക്കുകയാണ്. സെമിനാറിൽ അവതരിപ്പിക്കുന്നതിന് പ്രബന്ധം തയ്യാറാക്കുക.

**സൂചനകൾ :**

* ഉപഭോഗാസക്തി വർദ്ധിപ്പിക്കുന്നു
* ശരീരത്തിനു ഹാനികരമായ പലതിലേക്കും ആകർഷിക്കുന്നു.

**(ഒന്നരപ്പുറം – സ്കോർ : 8)**

7. പരിഭാഷപ്പെടുത്തുക.

താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

A wiseman never wants weapon.

The way to be happy is to make others happy. **(രണ്ടുവാക്യം – സ്കോർ : 4)**

8. കുറിപ്പ് തയ്യാറാക്കുക.

''നമ്മുടെ കണക്കുകൂട്ടലുകളെല്ലാം എത്ര വേഗമാണ് തകിടം മറിയുന്നത്. വിശ്വൻ ആലോചിച്ചു. മനസ്സ് നിഷ്കളങ്കനായ ഒരു കല്ലാശാരിയാണ്. മിനുട്ടുകൾക്കു മുമ്പു പരിചയപ്പെട്ട ഒരാൾക്കു ചുറ്റും എത്ര ഉത്തരവാദിത്വത്തോടു കൂടിയാണ് നന്മകളുടെ ഇഷ്ടിക കൊണ്ട് അതൊരു സങ്കല്പം പണിതുയർത്തിയത്. പക്ഷേ അതിന്റെ ഭംഗി നുകരും മുമ്പ് തീരെ ദുർബ്ബലമായ ഒരു കൽക്കൂമ്പാരമായി നുറുങ്ങിപ്പോയില്ലേ അത്. '' (കൊമാല)

കഥാപാത്രത്തിന്റെ മാനസിക നില അവതരിപ്പിക്കുന്നതിൽ ഈ കഥാഖണ്ഡം സഹായകമാണോ എന്നു പരിശോധിച്ച് കുറിപ്പു തയ്യാറാക്കുക.

**(ഒരു പുറം – സ്കോർ : 6)**

9 താരതമ്യം ചെയ്യുക.

അന്തിയുണ്ടു, പഴങ്ങൾതൻ മാംസം
മന്ദം മന്ദം നുണഞ്ഞതിൻ ശേഷം
നാലുക്കൂട്ടി മുറുക്കിയിമ്പത്തിൽ –
മേളം കൂട്ടി ഞാൻ മേടയിൽ വാഴ്കെ
''തേവിടിശ്ശി, നീയെന്തിനേ കഞ്ഞി
തേവി വച്ചത് ? ചോറെനിക്കില്ലേ ?''

ഈ വരികളിൽ നിന്ന് വ്യക്തമാകുന്ന ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക. **(ഒരു പുറം – സ്കോർ : 6)**

10. ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുക.

വ്യത്യസ്തമായ രണ്ട് ലോകങ്ങളാണ് തമ്മിലിട കലർത്തി റായ് പഥേർ പാഞ്ചാലിയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഒരു ഭാഗത്ത് കുട്ടികളുടെ ലോകം. മറുഭാഗത്ത് മുതിർന്നവരുടെ ലോകം. ഈ രണ്ടു ലോകങ്ങളുമടങ്ങിയ വലിയ ഒരു ലോകത്തിന്റെ ചെറിയ ഒരു പകർപ്പാണ് റായ് പ്രേക്ഷക ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത്.

ഈ പ്രസ്താവന ശരിവയ്ക്കുന്ന തെളിവുകൾ 'പഥേർ പാഞ്ചാലി'യിൽ നിന്ന് ചൂണ്ടിക്കാട്ടി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. **(ഒരു പുറം – സ്കോർ : 6)**

11. വിശകലനം ചെയ്യുക.

എൻകരം നിർമ്മിച്ചതാണിച്ചരാചര വ്യൂഹ –
മെൻഗൃഹം പാർത്താലിവയ്ക്കേതിന്നുമന്തർഭാഗം
എൻ കൈയുമെൻഗേഹവും തദ്വാരാ ഞാനും തീണ്ടു –
മെങ്കിലെൻ സൃഷ്ടിക്കുണ്ടു തീണ്ടൽ, ഇല്ലതില്ലെങ്കിൽ. (ഭക്തിദീപിക – ഉള്ളൂർ)

ഉച്ചാവചങ്ങളാമോമൽ സുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദ മേകാത്ത
പൂവൊന്നുമില്ലെന്നോർത്തു കൊൾവിൻ. (ദുരവസ്ഥ – കുമാരനാശാൻ)

തദ്വാരാ = അതുവഴി

ഗേഹം = വീട്

കവിതാഭാഗത്തെ ആശയം വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**(ഒരു പുറം – സ്കോർ : 8)**

12. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

തൊണ്ണൂറുകാരനായ പിതാവിനെ തെരുവിൽ തള്ളിയ മകനെ വൃദ്ധജനസംരക്ഷണ നിയമപ്രകാരം പോലീസ് അറസ്റ്റ് ചെയ്തു – പത്രവാർത്ത.

വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിച്ച് സ്വന്തം സുഖവും സൗകര്യങ്ങളും തേടിപ്പോകുന്ന മക്കളുടെ പ്രവൃത്തികൾ സമൂഹത്തിൽ ഏറിവരികയാണ്. ഈ വാർത്തയ്ക്ക് ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

വെള്ള സോക്സിട്ട മുടിനാരുകൾ എന്ന അധ്യായത്തിലെ ആശയത്തെയും ഉൾപ്പെടുത്തണം. **(ഒന്നരപ്പുറം – സ്കോർ : 8)**

13. പരസ്യ വാചകങ്ങൾ എഴുതുക.

'തലസ്ഥാനത്ത് ഡങ്കിപ്പനി വ്യാപകം' ഈ വിഷയത്തിൽ ജനങ്ങളെ ബോധവത്കരിക്കുന്നതിനുവേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് സ്ഥാപിക്കുന്ന പരസ്യ ബോർഡിലേക്ക് വേണ്ടി രണ്ട് വാചകങ്ങൾ തയ്യാറാക്കുക.

**(രണ്ടു വാക്യം – സ്കോർ : 4)**